**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

# <u>വിജ്ഞാപനം</u>
## <u>കീം 2022</u>
### <u>മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം-2022 താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.</u>

2022 ലെ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള (കീം 2022) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ വിവിധ കാറ്റഗറി /കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിക്കകം കാറ്റഗറി/കമ്മ്യൂണിറ്റി/നേറ്റിവിറ്റി/വരുമാനം/പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. എൻ. ആർ ഐ ക്വാട്ട പ്രവേശനത്തിനായി കാലാവധി കഴിഞ്ഞതോ കഴിയാറായതോ ആയ വിസ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവരിൽ സ്പോൺസറിൽ നിന്നുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളെ താൽക്കാലികമായി എൻ. ആർ. ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ നിശ്ചയിക്കുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ കൺഫർമേഷന്റെ അവസാന തീയതിക്ക് മുമ്പായി കാലാവധിയുള്ള വിസ സമർപ്പിക്കാത്ത പക്ഷം NRI കാറ്റഗറിയും NRI കാറ്റഗറിയിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടുകയാണെങ്കിൽ പ്രസ്തുത അലോട്ട്മെന്റും റദ്ദാകുന്നതാണ്. കൂടാതെ ഇത്തരം വിദ്യാർത്ഥികളെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ തുടർന്നുള്ള അലോട്ട്മെന്റിൽ NRI ക്വാട്ടാ അലോട്ട്മെന്റിനായി പരിഗണിക്കുന്നതുമല്ല.

01/07/2022 തീയതിയിലെ സർക്കാർ ഉത്തരവ് (സ.ഉ. (സാധാ.)നം.1000/2022/ഉ.വി.വ) പ്രകാരം കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ട അഗ്രി. സയൻസ് (DG), ഓർഗാനിക് അഗ്രിക്കൾചർ (DN) എന്നീ കോഴ്സുകളിലെ അവസാനവർഷഡിപ്ലോമ വിദ്യാർത്ഥികളെ ഓൺലൈൻ അപേക്ഷയിൽ പ്രസ്തുത കാറ്റഗറി ക്ലെയിം ചെയ്തിട്ടുണ്ടെങ്കിൽ താൽകാലികമായി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരംവിദ്യാർത്ഥികൾ അഗ്രിക്കൾചറൽ കോഴ്സിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അഗ്രി. സയൻസ്(DG), ഓർഗാനിക് അഗ്രിക്കൾചർ (DN) കോഴ്സുകളിലെ അസൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ കോളേജ് അധികാരികൾക്ക് മുൻപിൽ ഹാജരാക്കാത്ത പക്ഷം ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

വിദ്യാർത്ഥികൾക്ക് **'KEAM 2022-Candidate Portal'** ലെ **'Provisional Category List '** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്. കാറ്റഗറി പട്ടിക സംബന്ധിച്ച്

സാധുവായ പരാതികൾ ഉള്ള പക്ഷം കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന **18.10.2022 ഉച്ചക്ക് 2.00 മണിക്കകം** അറിയിക്കേണ്ടതാണ്. പരാതിയോടൊപ്പം സർട്ടിഫിക്കറ്റുകളോ അനുബന്ധ രേഖകളോ അയയ്ക്കാൻ പാടുള്ളതല്ല.

യാതൊരു കാരണവശാലും പുതുതായി ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇനി സ്വീകരിക്കുന്നതല്ല. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് **18.10.2022** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.17 22:28:19 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**17/10/2022**